**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2397** **24-06-2024 - ൽ മറുപടിയ്ക്ക്**

**റവന്യൂ വരുമാനം ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വരുമാനം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള ഊർജ്ജിതമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ എന്നീ വകുപ്പുകളിലേയും സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും, ലൈസൻസികൾക്കും ഏർപ്പെട്ടുത്തിയിട്ടുള്ള വൈദ്യുതി തീരുവ, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീ എന്നീ ഇനങ്ങളിലേയും നിരക്ക് വർദ്ധനവിലൂടെ 2024-25 സാമ്പത്തിക വർഷം ഏകദേശം 1000 കോടി രൂപ സമാഹരിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുകയാണ്. കാര്യക്ഷമമായ രീതിയിൽ സ്ക്രാപ്പിംഗ് നയം രൂപപ്പെടുത്തി നടപ്പാക്കുന്നതിലൂടെ ഏകദേശം 200 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു. അതോടൊപ്പം നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിനും, ചെറുകിട മേഖലയ്ക്ക് കൂടുതൽ ഉണർവ് നല്കുന്നതിന്റെ ഭാഗമായും, ജി.എസ്.ടി വകുപ്പിലെ നികുതി കുടിശ്ശിക തീർപ്പാക്കുക എന്നതിന്റെ ഭാഗമായും 'ആംനസ്റ്റി 2024' പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു.<br><br>സംസ്ഥാനത്തിന്റെ പ്രധാന നികുതി വരുമാന മേഖലയായ ജി.എസ്.ടി വരുമാനം വർദ്ധിപ്പിക്കുന്നതിനായി, ജി.എസ്.ടി നിയമവ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ വകുപ്പിനെ പുന:സംഘടിപ്പിച്ചു നികുതി പിരിവു കൂടുതൽ** |

കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് പുന:സംഘടനയിലൂടെ ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ് ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ടാക്സ് പെയർ സർവ്വീസസ്, നികുതി ദായകർ റിട്ടേണുകളിൽ കാണിച്ചിരിക്കുന്ന നികുതി ബാധ്യതയുടെ ആധികാരികത പരിശോധനയിലൂടെ വിലയിരുത്തി നടപടികൾ സ്വീകരിച്ചുകൊണ്ട് തനത് നികുതി വരുമാനം കണ്ടെത്തി സർക്കാരിലേയ്ക്ക് ലഭ്യമാക്കി വരുന്നു. ഓഡിറ്റ് വിഭാഗം നികുതി ദായകരെ പല പരാമീറ്ററുകൾ ഉപയോഗപ്പെടുത്തി, റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതി അടവായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു. എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും 24 മണിക്കൂറും പട്രോളിങ് ചെയ്ത് ചരക്ക് വാഹനങ്ങളുടെ പരിശോധനയിലൂടെ നികുതി വരുമാനം ഉറപ്പുവരുത്തുകയും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കൃത്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. രഹസ്യ അന്വേഷണം, ഇൻഫോർമർമാർ, പരാതികൾ എന്നിവയിലൂടെ ഇന്റലിജൻസ് വിഭാഗം വലിയ തോതിൽ നികുതിവെട്ടിപ്പ് നടക്കുന്ന മേഖലകൾ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സേർച്ച്, ഇൻസ്പെക്ഷൻ എന്നിവ നടത്തുകയും നികുതി വെട്ടിപ്പ് കണ്ടെത്തുന്ന പക്ഷം നിയമത്തിനു വിധേയമായി പെനാൽറ്റി ഈടാക്കുകയും ചില കേസുകളിൽ അറസ്റ്റ് അടക്കമുള്ള നടപടികൾ സ്വീകരിച്ചു നികുതി ഈടാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

കൂടാതെ, അബ്കാരി കേസുകളിൽ പിടികൂടിയ വാഹനങ്ങൾ സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതും ഡിസ്പോസൽ ചെയ്യുന്നതുമായ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിലൂടെയും, ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ ലഹരി വസ്തുക്കളുടെയും അന്യസംസ്ഥാന മദ്യം ഉൾപ്പെടെയുള്ള വ്യാജമദ്യത്തിന്റെയും വ്യാപനം തടഞ്ഞ് നികുതി ചോർച്ച തടയുന്നതിനും, അബ്കാരി കേസുകളിന്മേൽ ചുമത്തപ്പെടുന്ന പിഴത്തുക, കേസുകൾ കോമ്പൗണ്ട് ചെയ്യപ്പെടുമ്പോൾ ലഭ്യമാകുന്ന പിഴത്തുക, കോട്പ കേസുകളിൽ നിന്നും ലഭ്യമാകുന്ന പിഴത്തുക തുടങ്ങിയവയിലൂടെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും എക്സൈസ് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| | | | ഭൂമിയുടെ ന്യായവില വർദ്ധിപ്പിക്കൽ, ഗഹാനകളും, ഗഹാൻ റിലീസുകളും ഫയൽ ചെയ്യുന്നതിന് ഫീസ് ഏർപ്പെടുത്തൽ, 1955-ലെ തിരുവിതാംകൂർ-കൊച്ചി, സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസിൽ കാലികമായ വർദ്ധനവ് വരുത്തൽ, 1932-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ട് അനുസരിച്ചുള്ള പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനും തുടർനടപടികളും സംബന്ധിച്ച വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ, മുദ്രവില എന്നിവയുടെ വർദ്ധനവ്, ഫെയർവാല്യുവിന്റെ അടിസ്ഥാനത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി കണക്കാക്കൽ, കുടിശ്ശിക പിടിച്ചെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവയിലൂടെ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ദീർഘ കാലമായി പരിഷ്കരിക്കാത്ത നികുതി-നികുതിയേതര ഇനങ്ങളുടെ നിരക്കുകൾ കാലികമായി വർദ്ധിപ്പിക്കുന്നത് വഴിയും, പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിലൂടെയുമുള്ള വിഭവ സമാഹരണ പ്രവർത്തനങ്ങളും സർക്കാർ നടപ്പിലാക്കുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും, നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2397**
**24.06.2024 - ലെ മറുപടിക്ക്**

## റവന്യൂ വരുമാനം ഉയർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. ഒ.എസ്.അംബിക** | **ശ്രീ.കെ.എൻ ബാലഗോപാൽ**<br>**ധനകാര്യ വകുപ്പ് മന്ത്രി** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വരുമാനം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള ഊർജ്ജിതമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ, എന്നീ വകുപ്പുകളിലേയും സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും, ലൈസൻസികൾക്കും ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീ എന്നീ ഇനങ്ങളിലേയും നിരക്ക് വർദ്ധനവിലൂടെ 2024-25 സാമ്പത്തിക വർഷം ഏകദേശം 1000 കോടി രൂപ സമാഹരിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുകയാണ്. കാര്യക്ഷമമായ രീതിയിൽ സ്ക്രാപ്പിംഗ് നയം രൂപപ്പെടുത്തി നടപ്പാക്കുന്നതിലൂടെ ഏകദേശം 200 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു. അതോടൊപ്പം നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിനും, ചെറുകിട മേഖലയ്ക്ക് കൂടുതൽ ഉണർവ് നല്കുന്നതിന്റെ ഭാഗമായും, ജി.എസ്.ടി വകുപ്പിലെ നികുതി കുടിശ്ശിക തീർപ്പാക്കുക എന്നതിന്റെ ഭാഗമായും 'ആംനസ്റ്റി 2024' പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു.<br>സംസ്ഥാനത്തിന്റെ പ്രധാന നികുതി വരുമാന മേഖലയായ ജി.എസ്.ടി വരുമാനം വർദ്ധിപ്പിക്കുന്നതിനായി, ജി.എസ്.ടി നിയമവ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ വകുപ്പിനെ പുന:സംഘടിപ്പിച്ച് നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് പുന:സംഘടനയിലൂടെ ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ് ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ |

| | |
|---|---|
| | വിഭാഗങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ടാക്സ് പെയർ സർവ്വീസസ്, നികുതി ദായകർ റിട്ടേണുകളിൽ കാണിച്ചിരിക്കുന്ന നികുതി ബാധ്യതയുടെ ആധികാരികത പരിശോധനയിലൂടെ വിലയിരുത്തി നടപടികൾ സ്വീകരിച്ചുകൊണ്ട് തനത് നികുതി വരുമാനം കണ്ടെത്തി സർക്കാരിലേയ്ക്ക് ലഭ്യമാക്കി വരുന്നു. ഓഡിറ്റ് വിഭാഗം നികുതി ദായകരെ പല പരാമീറ്ററുകൾ ഉപയോഗപ്പെടുത്തി, റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതി അടവായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു. എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും 24 മണിക്കൂറും പട്രോളിങ് ചെയ്ത് ചരക്ക് വാഹനങ്ങളുടെ പരിശോധനയിലൂടെ നികുതി വരുമാനം ഉറപ്പുവരുത്തുകയും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കൃത്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. രഹസ്യ അന്വേഷണം, ഇൻഫോർമർമാർ, പരാതികൾ എന്നിവയിലൂടെ ഇന്റലിജൻസ് വിഭാഗം വലിയ തോതിൽ നികുതിവെട്ടിപ്പ് നടക്കുന്ന മേഖലകൾ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സേർച്ച്, ഇൻസ്പെക്ഷൻ എന്നിവ നടത്തുകയും നികുതി വെട്ടിപ്പ് കണ്ടെത്തുന്ന പക്ഷം നിയമത്തിനു വിധേയമായി പെനാൽറ്റി ഈടാക്കുകയും ചില കേസുകളിൽ അറസ്റ്റ് അടക്കമുള്ള നടപടികൾ സ്വീകരിച്ചു നികുതി ഈടാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.<br><br>കൂടാതെ, അബ്കാരി കേസുകളിൽ പിടികൂടിയ വാഹനങ്ങൾ സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതും ഡിസ്പോസൽ ചെയ്യുന്നതുമായ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിലൂടെയും, ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ ലഹരി വസ്തുക്കളുടെയും അന്യസംസ്ഥാന മദ്യം ഉൾപ്പെടെയുള്ള വ്യാജമദ്യത്തിന്റെയും വ്യാപനം തടഞ്ഞ് നികുതി ചോർച്ച തടയുന്നതിനും, അബ്കാരി കേസുകളിന്മേൽ ചുമത്തപ്പെടുന്ന പിഴത്തുക, കേസുകൾ കോമ്പൗണ്ട് ചെയ്യപ്പെടുമ്പോൾ ലഭ്യമാകുന്ന പിഴത്തുക, കോട്പ കേസുകളിൽ നിന്നും ലഭ്യമാകുന്ന പിഴത്തുക തുടങ്ങിയവയിലൂടെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും എക്സൈസ് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.<br><br>ഭൂമിയുടെ ന്യായവില വർദ്ധിപ്പിക്കൽ, ഗഹാനുകളും, ഗഹാൻ റിലീസുകളും ഫയൽ ചെയ്യുന്നതിന് ഫീസ് ഏർപ്പെടുത്തൽ, 1955-ലെ തിരുവിതാംകൂർ-കൊച്ചി, സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന |

| | |
|---|---|
| | സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസിൽ കാലികമായ വർദ്ധനവ് വരുത്തൽ, 1932-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ട് അനുസരിച്ചുള്ള പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനും തുടർനടപടികളും സംബന്ധിച്ച വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ, മുദ്രവില എന്നിവയുടെ വർദ്ധനവ്, ഫെയർവാല്യുവിന്റെ അടിസ്ഥാനത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി കണക്കാക്കൽ, കുടിശ്ശിക പിടിച്ചെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവയിലൂടെ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ദീർഘ കാലമായി പരിഷ്കരിക്കാത്ത നികുതി-നികുതിയേതര ഇനങ്ങളുടെ നിരക്കുകൾ കാലികമായി വർദ്ധിപ്പിക്കുന്നത് വഴിയും, പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിലൂടെയുമുള്ള വിഭവ സമാഹരണ പ്രവർത്തനങ്ങളും സർക്കാർ നടപ്പിലാക്കുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും, നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**